**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2599          14.02.2013-ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ കൂട്ടത്തോടെയുള്ള വിരമിക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2013 മാർച്ചോടെ ആരോഗ്യവകുപ്പിൽനിന്നും ആയിരത്തോളം ഡോക്ടർമാർ സർവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നതുമൂലം ഉണ്ടാകുന്ന ഡോക്ടർമാരുടെ കുറവ് ദേശീയ-ഗ്രാമീണ-ആരോഗ്യമിഷന്റെയുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാക്കുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആരോഗ്യ വകുപ്പിൽ 2013 മാർച്ചോടെ 100-ന് താഴെ ഡോക്ടർമാർ മാത്രമേ സർവ്വീസിൽ നിന്ന് പിരിഞ്ഞ് പോകുന്നുള്ളൂ. ഈ കുറവ് ദേശീയ ഗ്രാമീണമിഷൻ ഉൾപ്പെടെയുള്ള ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിൽ ആക്കാനിടയില്ല. |
| (ബി) പെൻഷൻപറ്റി പിരിയുന്ന ഡോക്ടർമാരിൽ ഏറിയപങ്കും സ്പെഷ്യാലിറ്റി വിഭാഗത്തിൽ പ്പെട്ടവരാകയാൽ സർക്കാർ ആശുപത്രിയെ മാത്രം ആശ്രയിച്ചു വരുന്ന പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സ നിഷേധിക്കപ്പെടുമെന്ന സാഹചര്യം പ്രത്യേകമായി പരിഗണനയിലെടുക്കുമോ; | ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച്, നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) നിലവിൽ രണ്ടായിരത്തോളം ഡോക്ടർമാരുടെ കുറവ് വകുപ്പിൽ നിലനിൽക്കുന്ന സാഹചര്യത്തിലും പെൻഷൻ മൂലമുണ്ടാകുന്ന ഒഴിവുകളും കൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ ആരോഗ്യപ്രവർത്തനങ്ങളിൽ ഉണ്ടാകാവുന്ന സ്തംഭനാവസ്ഥയ്ക്ക് | സി) ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച 210 തസ്തിക ഉൾപ്പെടെ ആകെ 549 ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ മുഴുവനും |

| | |
|---|---|
| പരിഹാരമായി എന്തെല്ലാം നടപടികളാണ് നിലവിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന നിർദ്ദേശം ലഭിച്ച 255 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കി ഒഴിവുകൾ പി.എസ്.സി യുടെ നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ് സ്പെഷ്യാലിറ്റി കേഡറിലുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സർജൻ, ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനായി എമർജൻസി റിക്രൂട്ട്മെന്റ് വഴി ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ